## അദ്ധ്യായം 10

# "മദ്ധ്യത്തിൽ" – (പഴയനിയമം)

ഒരു തരത്തിൽ വിചലനമാണെങ്കിലും മത്തായി 18.20 ലെ വിലയേറിയ വാഗ്ദാന വാക്കുകളെ പഴയ നിയമത്തിൽ ഇതേ രീതിയിലുള്ള വാക്കുകൾ കാണപ്പെടുന്ന തിരുവചനഭാഗങ്ങളുമായി താരതമ്യം ചെയ്ത് അൽപ്പംകൂടി അടുത്ത് പരിശോധിക്കുന്നത് പ്രയോജനകരമാണെന്ന് കാണാം.

സംഖ്യാപുസ്തകം 5–ാം അദ്ധ്യായം 1 മുതൽ 4 വരെയുള്ള ഭാഗങ്ങളിൽ കർത്താവ് "ഞാൻ അവരുടെ **മദ്ധ്യേ** വസിക്കയാൽ അവർ തങ്ങളുടെ പാളയം അശുദ്ധ"മാക്കാതിരിക്കേണ്ടതിന്, അശുദ്ധനായ ഏവനെയും, താൽക്കാലികമായിട്ടായാലും, എന്നെന്നേക്കുമായിട്ടായാലും, പാളയത്തിന് പുറത്താക്കേണമെന്ന് കൽപ്പിച്ചു. ഇത് ദൈവസാന്നിദ്ധ്യം തന്റെ ജനത്തിൽ **വിശുദ്ധി** ആവശ്യപ്പെടുന്നുവെന്ന് സൂചിപ്പിക്കുന്നു. ഇത് ഇന്നും അനിവാര്യമായ വാസ്തവമാണ്. ദൈവത്തിന്റെ സഭ തന്റെ പഴയകാല നിവാസസ്ഥാനം പോലെ വിശുദ്ധസ്ഥലം ആയിരിക്കണം. വിശുദ്ധിയുടെ ജയമുണ്ടാകണം. മലിനരായ വ്യക്തികളെ പുറത്താക്കിയാണെങ്കിലും നുഴഞ്ഞു കയറുന്ന പാപത്തെ നീക്കം ചെയ്യണം. 1 കൊരി. 3:16, 17; 5:1–13 നോക്കിയാലും. പഴയ നിയമകാലത്ത് ദൈവം തന്റെ സാന്നിദ്ധ്യത്താൽ പരിശുദ്ധമാക്കിയ ദൈവഭവനത്തെ അശുദ്ധമാക്കുന്നത് വളരെ ഗൗരവമേറിയ വിഷയമായിരുന്നു (2 ദിന. 36:14; യെഹസ്ക്കേൽ 5:11). ഇന്നും വെളിവാക്കപ്പെട്ട ദൈവേഷ്ടത്തിനും ദൈവ സ്വഭാവത്തിനും നിരക്കാത്തതും പ്രാകൃത മനുഷ്യനിൽ നിന്നുള്ളതുമായ ഏതെങ്കിലും കാര്യം അവതരിപ്പിച്ച് ദൈവസഭയെ അശുദ്ധമാക്കുന്നത് അൽപ്പം പോലും ഗൗരവം കുറഞ്ഞ വിഷയമല്ല. (1 കൊരി. 3:17). കൊരിന്തു സഭയോടുള്ള ബന്ധത്തിൽ അവരുടെ ഉപദേശത്തിലും, പ്രസംഗത്തിലും, പ്രവർത്തികളിലും മാനുഷിക ജ്ഞാനത്തിന് ഇടം കൊടുക്കുന്നു എന്നതായിരുന്നു പൗലോസിനെ അസ്വസ്ഥനാക്കിയത്. ഇന്നും ഇത് എത്ര വലിയ കെണിയാണ്. സ്വാഭാവിക യുക്തിയുടെ ഫലമായി നല്ലതെന്നും പ്രയോജനകരവുമെന്ന് തോന്നിപ്പിക്കുന്ന കാര്യങ്ങളെ ഒഴിവാക്കി ദൈവവചനത്താൽ മാത്രം നിയന്ത്രിക്കപ്പെടുന്നതിൽ തൃപ്തരാകുന്നവർ എത്ര വിരളമാണ്! മാനുഷിക ബുദ്ധിയിലുള്ള അഹംഭാവവും 5–ാം അദ്ധ്യായത്തിലെ സാന്മാർഗ്ഗിക അധഃപതനവും തോളോടു തോൾ ചേർന്നു പോയി എന്ന് കാണുന്നതിൽ ഒട്ടും ആശ്ചര്യമില്ല. കാരണം നമുക്കു ചുറ്റും ലോകത്തിൽ എല്ലായിടത്തും ഇതേ സ്ഥിതി വിശേഷമാണ് നാം കാണുന്നത്.

ശ്രദ്ധേയമായൊരു പദപ്രയോഗം ആവർത്തനം 23:14–ൽ കാണാം. അവിടെ നാം ഇപ്രകാരം വായിക്കുന്നു "നിന്റെ ദൈവമായ യഹോവ നിന്നെ രക്ഷിപ്പാനും, ശത്രുക്കളെ നിനക്കു ഏൽപ്പിച്ചു തരുവാനും നിന്റെ പാളയത്തിന്റെ **മദ്ധ്യേ** നടക്കുന്നു;നിങ്കൽ വൃത്തികേടു കണ്ടിട്ടു അവൻ നിന്നെ വിട്ടകലാതിരിപ്പാൻ നിന്റെ പാളയം ശുദ്ധിയുള്ളതായിരിക്കേണം". ഇവിടെയും ദൈവസാന്നിദ്ധ്യം വിശുദ്ധി ആവശ്യപ്പെടുന്നു എന്ന നിബന്ധനയ്ക്കാണ് ഊന്നൽ നൽകിയിരിക്കുന്നതെങ്കിലും നടക്കുന്നു എന്ന അസ്വാഭാവിക ക്രിയാ പ്രയോഗം ദൈവിക **പ്രവർത്തനം** എന്ന ആശയത്തിന് പ്രാധാന്യം നൽകുന്നു. 2 കൊരി. 6:16 ൽ ഉദ്ധരിച്ചിരിക്കുന്ന ലേവ്യ. 26:12 മായി താരതമ്യം ചെയ്യുക. ദൈവം ജീവനുള്ള ദൈവമാകയാൽ ജനത്തിന്റെ മദ്ധ്യേയുള്ള തന്റെ സാന്നിദ്ധ്യം ഒരിക്കലും നിഷ്ക്രിയമായ ഒരു കേവല വസ്തുതയാകാൻ പറ്റില്ല. കർത്താവിനെക്കുറിച്ച് ഏഴു പൊൻനിലവിളക്കുകളുടെ നടുവിൽ നടക്കുന്നവൻ എന്ന് നാം വായിക്കുന്ന വെളി. 2:1 പുതിയ നിയമത്തിലെ മറ്റൊരു സമാന്തര ഭാഗമാണ്.

ആവർത്തന പുസ്തകത്തിലെ ഈ ഭാഗം ആരംഭിക്കുന്നത് ഈ വാക്കുകളോടു കൂടെയാണ്, "ശത്രുക്കൾക്കു നേരെ പാളയമിറങ്ങുമ്പോൾ കൊള്ളരുതാത്ത കാര്യമൊന്നും ചെയ്യാതിരിപ്പാൻ നീ സൂക്ഷിച്ചുകൊള്ളേണം." നൽകപ്പെട്ടിരിക്കുന്ന നിർദ്ദേശങ്ങൾ ദൈവനജനത്തിന്റെ യുദ്ധത്തോടുള്ള ബന്ധത്തിലാണെന്ന് ഇത് വ്യക്തമാക്കുന്നു. ഇത്ര ശക്തനായ ശത്രുവിനെ നാം നേരിടുമ്പോൾ, മദ്ധ്യത്തിൽ കർത്താവിന്റെ സാന്നിദ്ധ്യവും പ്രവർത്തികളും അറിവാകുന്നത് എത്ര പ്രാധാന്യമേറിയ കാര്യമാണ്.

ഈ ദൈവിക പ്രവർത്തി, ദൈവദൃഷ്ടിയിൽ തന്റെ ജനത്തിന്റെ സ്ഥിതി ശരിയായ നിലയിൽ ആയിരിക്കുമ്പോൾ അവരുടെ ശതുക്കളിൽ അവരെ നിന്നും "രക്ഷിപ്പാൻ" ആണ്. എന്നാൽ അവർ പാളയത്തെ അശുദ്ധമാക്കുമ്പോൾ താൻ അവരെ "വിട്ടകലുവാൻ" നിർബന്ധിതനായിത്തീരുന്നു. വെളി. 2:4,5; 3:15, 16 താരതമ്യം ചെയ്യുക. പുറപ്പാട് 33:3–6; ആവർ.11:2–7 ലെ ദൈവിക നീക്കങ്ങളും പ്രവർത്തികളും ഗൗരവതരമായ അനുഭവമായിരുന്നു. തന്റെ ജനത്തിന്റെ മദ്ധ്യേയുള്ള ദൈവത്തിന്റെ പ്രവർത്തികൾ അവരുടെ ആത്മിക സ്ഥിതിയെയും, 2 കൊരി.6 സൂചിപ്പിക്കുന്നതുപോലെ വേർപാടിന്റെ പാതയിലൂടെ നടക്കാനുള്ള അവരുടെ സമ്മതത്തെയും ആശ്രയിച്ചാണിരിക്കുന്നത്. വെളി. 2,3 അദ്ധ്യായങ്ങളിൽ ഏഴ് വ്യത്യസ്ത സഭകളോടുള്ള കർത്താവിന്റെ വാക്കുകളിലും ഇത് കാണുവാൻ കഴിയും. ഓരോ സഭയ്ക്കും അവരുടെ സ്ഥിതിക്ക് അനുരൂപമായ സ്വഭാവ സവിശേഷതകളോടു കൂടിയാണ് കർത്താവ് തന്നെത്തന്നെ വെളിപ്പെടുത്തുന്നത്.

ദൈവജനത്തിനു ചുറ്റും സകലവും തകർന്നു തരിപ്പണമാകുന്ന വളരെ ഗുരുതരമായ ദൃശ്യമാണ് 46–ാം സങ്കീർത്തനത്തിൽ വിവരിച്ചിരിക്കുന്നത്. സംശയമെന്യേ പ്രാവചനിക സ്വഭാവമുള്ള, മഹാപീഢനകാലത്ത് വിശുദ്ധന്മാർക്ക് സാന്ത്വനമേകുന്ന സങ്കീർത്തനമാണിത്. എന്നാൽ ഇതിൽ പറഞ്ഞിരിക്കുന്ന അടിസ്ഥാന ആത്മിക പാഠങ്ങൾ ഏതൊരു സമയത്തും ആകുലതയിൽ വലിയ ആശ്വാസം നൽകുന്നവയാണ്. അത്യുന്നതന്റെ വിശുദ്ധ നിവാസമായ "ദൈവനഗര"ത്തെക്കുറിച്ച് പറഞ്ഞതിനു ശേഷം "ദൈവം അതിന്റെ **"മദ്ധ്യേ"** ഉണ്ട്. അത് കുലുങ്ങിപ്പോകയില്ല; ദൈവം അതികാലത്തു തന്നെ അതിനെ സഹായിക്കും" എന്ന് സങ്കീർത്തനക്കാരൻ കൂട്ടിച്ചേർക്കുന്നു. (46:,5). ക്രമക്കേടിന്റെയും അലങ്കോലത്തിന്റെയും സാഹചര്യങ്ങളുടെ നടുവിൽ ഇവിടെ ദൈവിക സാന്നിദ്ധ്യം **മനഃസ്ഥൈര്യത്തിന്റെ** രഹസ്യമാണ്. മാറ്റമില്ലാത്ത ഇതേ ദൈവം ഇന്നും തന്റെ ജനത്തിന്റെ മദ്ധ്യേ ഉണ്ട്. ആകയാൽ ലോകത്തിൽ എന്തെല്ലാം വ്യതിയാനങ്ങൾ വന്നാലും ദൈവിക പാതയിൽ നിന്നും വ്യതിചലിച്ച്, അനുരഞ്ജനം ചെയ്യുന്നതിന് യാതൊരു ഒഴികഴിവും നമുക്കില്ല. "ദൈവം നമ്മുടെ സങ്കേതവും ബലവുമാണ്; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു" എന്നു പറയുവാൻ സ്ഥലം സഭ ശീലിക്കട്ടെ. അങ്ങനെയെങ്കിൽ നമുക്കു ചുറ്റും കാര്യങ്ങൾ എത്ര പരിതാപകരമായി നിലംപരിചായാലും ദൈവിക സത്യങ്ങൾക്കുമേൽ അതിനായി ഉറച്ചു നിലകൊള്ളുവാൻ നാം പ്രാപ്തരായിത്തീരും. അപ്രകാരമൊരു സംഘത്തെക്കുറിച്ച് "അതു കുലുങ്ങിപ്പോകയില്ല" എന്ന് വാസ്തവമായി പറയുവാൻ സാധിക്കും.

യെശയ്യാവ് 12 ഇസ്രായേലിന്റെ അവസാന വിടുതലിലേക്കും, ദൈവത്തിന്റെ അനുഗ്രഹങ്ങളിലേക്കും നോക്കുന്ന മറ്റൊരു പ്രവചന ഭാഗമാണ്. വിജയോല്ലാസത്തിന്റെ ധ്വനി ഇതിലുടനീളം മുഴങ്ങുന്നു. "സ്തോത്രം" (12:1), "ഗീതം" (12:2), "സന്തോഷം" (12:3), "സ്തോത്രം" (12:4), "കീർത്തനം" (12:5), "ഘോഷിച്ചുല്ലസിപ്പിൻ" എന്നീ വാക്കുകൾ ശ്രദ്ധിക്കുക. അവസാന വാക്യം "സീയോൻ നിവാസികളേ യിസ്രായേലിന്റെ പരിശുദ്ധൻ നിങ്ങളുടെ **മദ്ധ്യേ** വലിയവനായിരിക്കയാൽ ഘോഷിച്ചുല്ലസിപ്പിൻ" എന്നാണ്. ഇവിടുത്ത

മുഖ്യവിഷയം കർത്താവിന്റെ ഉയർച്ചയും തന്മൂലമുള്ള തന്റെ ജനത്തിന്റെ ആഹ്ലാദവുമാണ്. **ആനന്ദോല്ലാസ**ത്തിന്റെ സന്തോഷകരമായ ദൃശ്യമാണിത്. കൂടിവരപ്പെട്ട തന്റെ ജനത്തിന്റെ മദ്ധ്യേ മഹോന്നതനായ കർത്താവിന്റെ സാന്നിദ്ധ്യാനുഭവം അവരെ സ്തുതിയിലേക്കും സന്തോഷത്തോടുകൂടിയ സാക്ഷ്യത്തിലേക്കും നയിക്കും. സങ്കീർത്തനം 46-ൽ പറഞ്ഞിരിക്കുന്ന അതിഭയാവഹമായ സാഹചര്യത്തിൽ പോലും ഇപ്രകാരമൊരു അനുഭവത്തെക്കുറിച്ച് നാം വായിക്കുന്നു, “ഒരു നദി ഉണ്ട്, അതിന്റെ തോടുകൾ ദൈവനഗരത്തെ, അത്യൂന്നതന്റെ വിശുദ്ധ നിവാസത്തെ തന്നേ സന്തോഷിപ്പിക്കുന്നു”. (46:4).

യിരമ്യാവ് 14:9 ലേക്ക് നാം വരുമ്പോൾ തങ്ങളുടെ “അതിക്രമങ്ങളും പിന്മാറ്റങ്ങളും” കാരണം കർത്താവിന്റെ ശിക്ഷണ നടപടികളിൽകൂടി കടന്നു പോകുന്നൊരു ജനത്തിന്റെ അനുഭവം നാം കാണുന്നു. അവർ ഒരു മരണം അനുഭവിക്കുകയായിരുന്നു. അവരുടെ നിലവിളികൾക്ക് ഉത്തരം ലഭിച്ചില്ല. കഷ്ടതയുടെ സമയത്ത് അവർ രക്ഷകനായി കാണുന്ന വൻ അപരിചിതമായ നിലയിൽ അവരുടെ വിധിയിൽ താൽപര്യമില്ലാത്തവനായി അല്ലെങ്കിൽ അവരുടെ ആവശ്യം നടത്തിക്കൊടുക്കുവാൻ പ്രാപ്തി ഇല്ലാത്തവനായി കാണപ്പെടുന്നു. അവരുടെ വാദം “എന്നാലും യഹോവേ, നീ ഞങ്ങളുടെ **മദ്ധ്യേ** ഉണ്ട്. നിന്റെ നാമം ഞങ്ങൾക്കു വിളിച്ചിരിക്കുന്നു; ഞങ്ങളെ ഉപേക്ഷിക്കരുതേ” എന്നാണ്. ആശാഹീനമായ സാഹചര്യമായിരുന്നിട്ടുപോലും കർത്താവ് മദ്ധ്യത്തിൽ ഉണ്ടെന്ന ചിന്ത അവർക്ക് ആശയും **പ്രതീക്ഷ**യുടെ തോന്നലും നൽകുന്നു. ഒരു സഭ എത്രമാത്രം താഴ്ച വന്നാലും, എത്ര ചുരുക്കമായിത്തീർന്നാലും കർത്താവ് അപ്പോഴും മദ്ധ്യത്തിൽ ഉണ്ടെങ്കിൽ സാഹചര്യം ആശാഹീനമല്ല. പ്രതീക്ഷയ്ക്ക് വകയുണ്ട്. പക്ഷെ, ഹാ! കഷ്ടം. ഇസ്രായേലിന്റെ കാര്യം അങ്ങനെ ആയിരുന്നില്ല. വളരെ ആഴത്തിൽ പാപം ചെയ്കയാൽ കർത്താവ് അവരെ ത്യജിച്ച്, അവരുടെ മദ്ധ്യത്തിൽ നിന്ന് പിന്മാറിയിരുന്നു. പരിഹാരമില്ലാത്ത സ്ഥിതിയിൽ അവർ എത്തിച്ചേരുകയാൽ കർത്താവ് അവരുടെ മദ്ധ്യത്തിൽ ഇല്ലായിരുന്നു. ജഡികമായ ലവോദിക്യയിലെ സഭയെ പോലെ (വെളി. 3) കർത്താവ് അവരുടെ നടുവിൽ നിന്നും മാറിപ്പോയി എന്നിട്ടും തന്റെ അസാന്നിദ്ധ്യം അവർ അറിഞ്ഞില്ല. ആകയാൽ സാക്ഷ്യത്തിന് മുമ്പോട്ട് ആശയ്ക്ക് യാതൊരു വകയുമില്ലായിരുന്നു. അത് അടിമത്വത്തിനുള്ളിലായേ മതിയാവൂ. കർത്താവിന്റെ യഥാർത്ഥ സാന്നിദ്ധ്യം ആശാഹീനമായ സാഹചര്യങ്ങളിൽ നമുക്ക് പ്രത്യാശയുടെ ഉറപ്പാണ്. എന്നാൽ നിരന്തരമായ പിന്മാറ്റവും വ്യതിചലനങ്ങളും നമ്മുടെ കൂട്ടത്തെ ത്യജിച്ച് അനുഗ്രഹങ്ങളെ ഇല്ലാതാക്കുവാൻ തനിക്കിടയാക്കിയെങ്കിൽ, തന്റെ സാന്നിദ്ധ്യത്തിന്റെ അവകാശവാദം നമുക്ക് യാതൊരു പ്രയോജനവും ചെയ്യുകയില്ല. യിര. 14, 15 അദ്ധ്യായങ്ങൾ മുഴുവനും വായിക്കുക.

യെഹസ്ക്കേൽ 37 മറ്റൊരു മഹത്വകരമായ പ്രവചനഭാഗമാണ്. രണ്ടായി വിഭജിക്കപ്പെട്ട ഇസ്രായേൽ രാഷ്ട്രം വീണ്ടും ഒന്നായിത്തീർന്ന് യഹോവയുടെ ജനമായി ത്തീരുന്ന ദിവസത്തെക്കുറിച്ചാണിത് സംസാരിക്കുന്നത്. തന്റെ വിശുദ്ധ മന്ദിരം അവരുടെ **നടുവിൽ** സദാകാലത്തേക്കും സ്ഥാപിക്കുന്ന ദിവസത്തെക്കുറിച്ച് രണ്ടു പ്രാവശ്യം ദൈവം പറയുന്നു. (37:26,28). അവരോടു ചെയ്ത സമാധാന ഉടമ്പടിയുടെ പൂർത്തീകരണവും, അവരോടുള്ള കർത്താവിന്റെ കൃപയുടേയും പ്രീതിയുടേയും തെളിവുമായിരിക്കുമിത്. എന്നാൽ കൃപയാൽ **യോജിപ്പി**ലേക്ക് വീണ്ടും കൂട്ടിച്ചേർക്കപ്പെട്ട ജനത്തിന്മേലുള്ള ഏറ്റവും ശ്രേഷ്ഠമായ അനുഗ്രഹമായിരിക്കും ഇതെന്ന വസ്തുതയ്ക്കാണ് ഈ ഭാഗത്ത് പ്രാധാന്യം. യോജിപ്പ് ഇല്ലാത്തിടത്ത് കർത്താവിന്റെ സാന്നിദ്ധ്യം തന്റെ ജനത്തിന്റെ മദ്ധ്യേ അൽപ്പം പോലും അനുഭവിക്കുവാൻ കഴിയുകയില്ലെന്ന് ഉറപ്പാണ്. വഴക്കും, അലങ്കോലവും, ഭിന്നതയും, നിലനിൽക്കുന്നിടത്ത് യോഗ്യമായ വാസസ്ഥലം കണ്ടെത്തുവാൻ

സമാധാനത്തിന്റെ ദൈവത്തിന് കഴിയില്ല. സങ്കീ. 133 നോക്കുക.

പിന്നീട് ഇതേ പ്രവചനത്തിൽ യിസ്രായേൽ രാഷ്ട്രത്തിലേക്ക് യഹോവയുടെ മഹത്വം മടങ്ങി വരുന്നത് വിവരിച്ചിരിക്കുന്നു. 43-ാം അദ്ധ്യായത്തിന്റെ തുടക്കത്തിൽ നാമിതിനെക്കുറിച്ച് വായിക്കുന്നു. പിന്നീട് നാം 7-ാം വാക്യം മുതൽ ദൈവിക പ്രഖ്യാപനം കാണുന്നു. “അവൻ എന്നോട് അരുളിച്ചെയ്തത്, മനുഷ്യാപുത്രാ, ഇത് ഞാൻ എന്നേക്കും ഇസ്രായേൽ മക്കളുടെ മദ്ധ്യേ വസിക്കുന്ന എന്റെ സിംഹാസനത്തിന്റെ സ്ഥലവും എന്റെ കാലടികളുടെ സ്ഥലവും ആകുന്നു”. തന്റെ നിവാസസ്ഥാനം സിംഹാസനവും, കാലടികളുടെ സ്ഥലവും ആയിത്തീരേണ്ടതിന്, പരിപൂർണ്ണ **അധികാരം** ഉള്ളവന്റെ ഇഷ്ടത്തിന് അനുരൂപമാകുന്നതിനും, ദൈവിക മാതൃകയ്ക്കനുസരിച്ച് ക്രമീകരണം നടത്തുന്നതിനുമാണ് ഈ ഭാഗത്ത് ഊന്നൽ നൽകിയിരിക്കുന്നത്. ദൈവമുമ്പാകെ യാതൊരു ലജ്ജയും കൂടാതെ ദൈവിക മാതൃകയിൽ നിന്ന് വ്യതിചലിക്കുകയും വചന വിരുദ്ധമായ കാര്യങ്ങൾ തുറന്ന മനസ്സോടെ അംഗീകരിക്കുകയും ചെയ്യുന്ന ഇന്നാളുകളിൽ ഈ സത്യം എത്ര അത്യന്താപേക്ഷിതമാണ്. തന്റെ ഭവനത്തെക്കുറിച്ചുള്ള ദൈവത്തിന്റെ നിർദ്ദേശങ്ങൾ വെറും അഭിപ്രായങ്ങൾ അല്ല പകരം തന്റെ ജനത്തിന്റെ വീഴ്ച കൂടാതെയുള്ള അനുസരണം ആവശ്യപ്പെടുന്ന നിയമം എന്ന നിലയിൽ ചുമതലകളാണ്.

പിന്മാറിപ്പോയ ജനത്തോട് ഹോശേയ 11 ൽ ദൈവം “എന്റെ ജനം എന്നെ വിട്ട് പിന്തിരിവാൻ ഒരുങ്ങിയിരിക്കുന്നു...... എന്റെ ഉഗ്രകോപം ഞാൻ നടത്തുകയില്ല; ഞാൻ എഫ്രയീമിനെ വീണ്ടും നശിപ്പിക്കുകയുമില്ല. ഞാൻ മനുഷ്യനല്ല ദൈവം അത്രേ. നിന്റെ **നടുവിൽ** പരിശുദ്ധൻ തന്നേ; ഞാൻ ക്രോധത്തോടെ വരികയുമില്ല എന്ന്” അവരോട് സംവാദിക്കുന്നു. (11:7-9). അസ്ഥിരതയാൽ അടയാളപ്പെട്ടിരിക്കുന്ന ജനത്തിനു മുമ്പാകെ ദൈവത്തിന്റെ **സ്ഥിരത** നാടകീയവും ഹൃദയസ്പർശിയുമായ നിലയിൽ ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നു. നിരന്തരം താനുമായുള്ള ഉടമ്പടി ബന്ധം ലംഘിച്ചിട്ടും തന്റെ ന്യായവിധിക്കായി അവരെ ഏൽപ്പിച്ചു കൊടുക്കുവാൻ കർത്താവിന് മനസ്സാകുന്നില്ല. തന്റെ സ്വന്തജമെന്ന നിലയിൽ അടുത്ത ബന്ധത്തിൽ അവരുടെ മദ്ധ്യേ വസിച്ചിട്ട് എങ്ങനെ താൻ അവരോട് താഴ്വരയിലെ നഗരങ്ങളോട് ചെയ്തതുപോലെ പ്രവർത്തിക്കും? (ആവർ. 29:23). കർത്താവ് മദ്ധ്യത്തിൽ ഉണ്ടെന്നറിയുന്നത് ആകാശം ഭൂമിക്കുമേൽ ഉയർന്നിരിക്കുന്നതു പോലെ, മാനുഷിക സ്നേഹത്തിൽ നിന്നുയർന്നിരിക്കുന്നോരു സ്നേഹത്തിന്റെ ശക്തി അറിയുക എന്നതാണ്. മറ്റെല്ലാ അനുഗ്രഹത്തേക്കാളും അധികം ആഗ്രഹിക്കേണ്ട, വളരെ കരുതലോടുകൂടി അനുഭവിക്കേണ്ട ഒരു അനുഗ്രഹമാണിത്. ഇതിന്റെ നഷ്ടം മറ്റെന്തുകൊണ്ട് നികത്താനാവും?

അവസാനമായി, യോവേൽ 2:2-27 ൽ **മദ്ധ്യത്തിൽ** കർത്താവിന്റെ സാന്നിദ്ധ്യം അനേക സംവത്സരങ്ങളിലെ വരൾച്ചയ്ക്കു ശേഷവും, സകലവിധ **സമ്പൽസമൃദ്ധി**യുടേയും ഉറവിടമാണ്. ദൈവം പുനഃഉദ്ധാരണങ്ങളുടെ ദൈവം ആകുന്നു. നടുവിൽ തന്റെ സാന്നിദ്ധ്യത്തിന്റെ പുതുക്കപ്പെട്ട അനുഭവം മാത്രമാണ് ലോക വ്യാപകമായി കർത്താവിന്റെ വേലയിൽ വ്യാപിച്ചിരിക്കുന്ന ആത്മിക ദാരിദ്ര്യത്തിനും വരൾച്ചയ്ക്കുമുള്ള ഏക പോംവഴി.

ആനന്ദകരവും, ഉത്തേജകപരവുമായ പഴയനിയമ ഭാഗങ്ങളുടെ ഈ വിചിന്തനങ്ങൾ ചുരുക്കവും, അപൂർണ്ണവുമാണ്. മത്തായി 18:20-ൽ അവിടെ ഞാൻ അവരുടെ മദ്ധ്യത്തിൽ ഉണ്ട് എന്ന കർത്താവിന്റെ സരളമായ വാക്കുകളിൽ ഉൾക്കൊണ്ടിരിക്കുന്ന വിശാലവും വൈവിധ്യമാർന്നതുമായ സത്യങ്ങൾക്ക് ഉദാഹരണമായി ഓരോ ഭാഗത്തുനിന്നും ഒരു പ്രധാന സത്യം മാത്രം വേർതിരിച്ച് കാണിക്കുകയാണ് ഞങ്ങൾ ചെയ്തത്. അവ ഇന്ന്

കൂട്ടിവരപ്പെട്ടിരിക്കുന്ന തന്റെ ജനത്തിന്റെ മദ്ധ്യേ സന്നിഹിതനായിരിക്കുന്ന കർത്താവിന്റെ സാന്നിദ്ധ്യത്തിന്റെ നിബന്ധനകളും, സ്വഭാവവും, പരിണിത ഫലങ്ങളും വെളിപ്പെടുത്തുന്നു. ഈ ഭാഗങ്ങളുടെ ശ്രദ്ധയോടുകൂടി പൂർണ്ണ പഠനം  വളരെ പ്രയോജനകരമായിരിക്കും. ഇത് ആവശ്യമായിരിക്കുന്ന ഏക കാര്യത്തെക്കുറിച്ചും, കർത്താവിന് വർത്തമാന കാലയളവിൽ നാം വഹിക്കുന്ന സാമൂഹിക സാക്ഷ്യത്തോടുള്ള ബന്ധത്തിൽ ഏറ്റവും അധികം ശോധന ചെയ്യേണ്ടതുമായ വസ്തുതയെക്കുറിച്ചും സൂചന നൽകുന്നു.